



# ന്യൂമാഗ്.കോം





സൂസമ്മ കെ ഐ (H M)

ചീഫ് എഡിറ്റർ



ദിനേശ് എസ്

കൈറ്റ് മാസ്റ്റർ



നിഷ എസ്

കൈറ്റ് മിസ്ട്രസ്സ്



എഡിറ്റോറിയൽ ബോർഡ്

# ആമുഖം

മാനവരാശിയുടെ പുരോഗതിയുടെ നാഴികക്കല്ലാമ്
സാങ്കേതിക വിദ്യ. മനുഷ്യനെ ഇന്ന് കാണുന്ന ജീവിത
രീതിയിൽ എത്തിച്ചതിന് പ്രധാന പങ്ക് വഹിക്കുന്നത്
സാങ്കേതിക വിദ്യയുടെ വളർച്ചയാണ്. കുട്ടികളിൽ
സാങ്കേതിക വിദ്യയുടെ ലോകം തുറന്നുകൊടുക്കാൻ
വേണ്ടിയുള്ള സംരംഭമാണ് ഐടി കൂട്ടായ്മയായ ലിറ്റിൽ
കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സ് സ്കൂളുകളിൽ ആരംഭിച്ചിട്ട് മൂന്നു
വർഷമാകുന്നു. രണ്ടാമത്തെ ഡിജിറ്റൽ  മാഗസിൻ
സംരംഭമാണിത്. ലിറ്റിൽ കൈറ്റ്സിന്റെ
പ്രവർത്തനത്തിലൂടെ വിവര സാങ്കേതിക വിദ്യയെ
കൂടുതൽ അടുത്തറിയാനും സ്വായത്തമാക്കാനും
വിദ്യാർത്ഥികൾക്ക് കഴിയുന്നു. ഡോക്യുമെന്റേഷൻ
വാർത്താനിർമ്മാണം അനിമേഷൻ പ്രോഗ്രാമിങ്ങ്
എന്നിവയിൽ മികച്ച പരിശീലനം ലഭിക്കുകയും മെച്ചപ്പെട്ട
പ്രകടനം കാഴ്ചവെയ്ക്കാനും കഴിഞ്ഞു.
വിവര സാങ്കേതിക വിദ്യയുടെ പുതിയ ലോകം കുട്ടികൾ
ക്കു മുന്നിൽ തുറന്നു തന്ന കൈറ്റ്സിനു വേണ്ടി ഈ
മാഗസിൻ സമർപ്പിക്കുന്നു.

# എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ രണ്ടാമത്തെ ഡിജിറ്റൽ മാഗസിനാണ് പ്രസിദ്ധീകരിക്കുന്നത്. കുട്ടികളുടെ കമ്പ്യൂട്ടർ പരിജ്ഞാനം, ടൈപ്പിങ്(മലയാളം,ഇംഗ്ലീഷ്),പേജ് ഡിസൈനിങ്ങ്,ലേ ഔട്ട് സെറ്റിങ്ങ്, രചനാ പരമായ കഴിവുകൾ, ഫോട്ടോഗ്രഫി തുടങ്ങിയ മേഖലകളിലുള്ള കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയുന്ന മേഖലയാണ് ഡിജിറ്റൽ മാഗസിൻ. സ്കൂൾ അന്തരീക്ഷത്തെ ചലനാത്മതകമാക്കുവാനും കുട്ടികളുടെ നാനാവിധമായ കഴിവുകളെ മെച്ചപ്പെടുത്തുവാൻ കഴിയുന്ന ഐടി കൂട്ടായ്മയ്ക്കും ഈ സംരംഭത്തിനും സർവ്വ ഭാവുകങ്ങളും നേരുന്നു

# അഭിനന്ദനങ്ങൾ

അനിമേഷൻ വിഭാഗത്തിൽ സംസ്ഥാന തല ക്യാമ്പിൽ പങ്കെടുത്ത **രോഹിത് സജീവിന്** മുട്ടറ സ്കൂളിലെ ലിറ്റിൽ കൈറ്റ് കൂട്ടായ്മയുടെ അഭിനന്ദനങ്ങൾ




# Table of Contents

എഡിറ്റോറിയൽ....4
പ്രകൃതി-നമ്മുടെ നിലനിൽപ്പും ജീവിതവും....7
എന്റെ വിദ്യാലയം....8
ഞാൻ കണ്ട മഴ....12
ലിറ്റിൽ കൈറ്റ്സ് :എന്റെ അനുഭവം....13
അമ്മ....15
മഹത് വചനങ്ങൾ....17
എന്റെ ബാല്യകാലം....18
മൈനകൾ....19
അവഗണിക്കപ്പെടുന്ന മാതൃത്വം....20
മഴ എത്തുമ്പോൾ....22
ലിറ്റിൽ കൈറ്റ് അംഗങ്ങൾ....23

# പ്രകൃതി-നമ്മുടെ നിലനിൽപ്പും ജീവിതവും

നമുക്കേറ്റവും പരിചിതവും ഒഴിവാക്കാൻ പറ്റാത്തതുമായ ഒന്നാണ് പ്രകൃതി അഥവാ നമ്മുടെ ചുറ്റുപാട്. നമ്മുടെ ജിവിതവുമായി അഭേദ്യമായ ബന്ധമാണ് പ്രകൃതിയുള്ളത്. എന്നാൽ ഈ പ്രകൃതിതന്നെ ജിവിതത്തെ തകിടം മറിയ്ക്കാറുണ്ട്.പെരുമഴ, കൊടുങ്കാറ്റ്,ചൂട്,തണുപ്പ് തുടങ്ങിയവയെല്ലാം പ്രകൃതിയുടെ വിവിധ ഭാവങ്ങളാണ്.പ്രകൃതിയുടെ രൂപമാറ്റം ഒരുപാട് അനുഭവിച്ചവരാണ് കേരളജനത.ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്നു. പ്രകൃതിയുടെ മാറ്റം മനുഷ്യ സ്വഭാവത്തെയും സ്വാധീനിക്കാറുണ്ടെന്ന് കാണാം.



പ്രകൃതിയോട് നാം ചെയ്യുന്നതെന്താണോ അതിനെല്ലാം പ്രകൃതി നമുക്കും തിരിച്ചുതരാറുണ്ട് സ്വാർഥചിന്തരായ മനുഷ്യർ.തൽക്കാല നേട്ടത്തിനായി തന്റെ നില നിൽപ്പ് തന്നെ ബലികഴിക്കുന്നു.അനുഭവങ്ങൾ ഒന്നിനുപിറകെ ഒന്നായി അവനെ പൊതിഞ്ഞിട്ടും മനുഷ്യമനസ്സ് അത് മനസ്സിലാക്കിയതായി ഭാവിക്കുന്നില്ല പ്രകൃതിസ്നേഹികൾക്കാകട്ടെ പ്ലക്കാർടുകൾ ഏന്തിനടക്കുക ഒരു ജീവിത ചര്യയായിമാറി പുതിയ തലമുറയുടെവരവ് സ്വാർഥമതികൾ ചിന്തിക്കുന്നതേയില്ല

പ്രകൃതിയെവിട്ട് ജീവിക്കാനാവില്ലെന്ന് മനസ്സിലാക്കി പ്രകൃതിയോടൊപ്പം ലയിക്കുകയാണുവേണ്ടത്.അതിന്റെ സൗന്ദര്യം ആസ്വദിക്കുക അവയെ പരിപാലിക്കുക.

അതിനായി ആദ്യം വേണ്ടത് മണ്ണിന്റെ മൂടുപടത്തിൽ മുറിവേൽപ്പിക്കുന്ന പ്ലാസ്റ്റിക്കെന്ന മഹാവിപത്തിനെ ഉന്മൂലനം ചെയ്യുക എന്നതാണ് പ്ലാസ്റ്റിക്കിന് പകരം പേപ്പർ ഉപയോഗിച്ചാൽ പ്രകൃതി തരുന്നത് അനുഭവപൂർവം ഉപയോഗിച്ചിട്ട് അവൾക്ക് തന്നെതിരികെ കൊടുക്കാമല്ലോ.അവളെ മനോഹരിയാക്കാൻ പച്ചപ്പിന്റെ ഉടയാട അണിയിക്കുക.അവളുടെ മാറിലൂടെ ഒഴുകുന്ന നീർച്ചാലുകൾക്ക് വഴിമാറുക. അങ്ങനെ പ്രകൃതി ദാഹം തീരെ കുടിയ്ക്കട്ടേ.

ആധുനികതയുടെ പകിട്ട് എത്രയണിഞ്ഞാലും പ്രകൃതിയിലേക്ക് തിരിച്ചുപോകാതെ ഒരു ഉയർത്തെഴുന്നേൽപ്പ് സാധ്യമല്ല എന്ന് തിരിച്ചറിഞ്ഞ് പുതുനാമ്പുകൾക്ക് കരുത്തേകുക. അതാകട്ടെ നമ്മുടെ ലക്ഷ്യവും മാർഗവും.

ആതിര എസ് കുമാർ

## എന്റെ വിദ്യാലയം

പഠനത്തിന്റെ നാലുചുമരുകൾക്കുള്ളിൽ ഒതുങ്ങി നിൽക്കാതെ കലയുടെയും കായികത്തിന്റേയും സാംസ്കാരികതയുടേയും സർഗാത്മകതയുടേയും ആകാശത്തിലേക്ക് ചിറകടിച്ച് പറന്നുയരാൻ പഠിപ്പിച്ചു തരുന്ന ഒരു നല്ല വഴികാട്ടിയാണ് എന്റെ വിദ്യാലയം.

ജീവിതത്തെ ജീവിതമായും കാഴ്ച്ചകളെ കാഴ്ച്ചകളായും സൗഹൃദത്തെ സൗഹൃദമായും നന്മയെ നന്മയായും തിന്മകളെ തിരിച്ചറിയാനും നേർവഴിയിൽ പതറാതെ പോകാനും ഉള്ള ധൈര്യമാണ് എന്റെ വിദ്യാലയം.

ഒരു നൂറ്റാണ്ടിന്റെ കഥയാണ് ചരിത്രതാളുകൾ തുറക്കുമ്പോൾ എന്റെ വിദ്യാലയത്തിന് പറയാനുള്ളത്. 1924-ൽ തുടങ്ങി 2019-ൽ വന്നു നിൽക്കുന്ന ഇടകാലയളവിൽ പുരോഗതിയുടെ പടികൾ കയറി കാലിടറാതെ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ് മുട്ടറ സ്കൂൾ . താങ്ങും തണലുമായി വിദ്യാർഥികൾക്ക് സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുന്ന കാഴ്ച്ചക്കും സഹായത്തിനുമൊപ്പം നിന്നു ഉണർവ് നൽകാൻ ഗുരുക്കന്മാരും .

സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസരംഗം പുരോഗതി പ്രാപിക്കുന്നതിനോടൊപ്പം തന്നെ മുട്ടറ സ്കൂളും അതിനോടൊപ്പം സഞ്ചരിക്കുന്നു .ഒരു പക്ഷെ ഈ ഗ്രാമത്തിന് നൽകുവാൻ കഴിഞ്ഞതിന്റെ പരമാവധി എല്ലാ കാര്യങ്ങളും ഈ നൂറ്റാണ്ടിൽ ചെയ്തു തീർത്തിട്ടുണ്ടായിരിക്കണം മുട്ടറ സ്കൂൾ.കുട്ടികൾക്ക് പഠപുസ്തകങ്ങൾ മാത്രമല്ല പഠനം നൽകുന്നതെന്ന തിരിച്ചറിവുനൽകി കാർഷികരംഗത്തും ഒന്നാം സ്ഥാനം നേടാൻ മുട്ടറ സ്കൂളിന് സാധിച്ചു. സ്കൂളിന്റെ കാർഷികപുരോഗതിക്ക് ഉദാഹരണമാണ്,ഈ കഴിഞ്ഞ മണ്ഡലകാലത്ത് സ്കൂൾ പരിധിക്കുള്ളിൽ ചെയ്ത നെൽകൃഷിയിൽ നിന്നും കിട്ടിയ നെല്ലുകൾ

ശബരിമല ശാസ്താവിന് സമർപ്പിച്ചത്. സ്കൂളിന് തന്റെ സ്വന്തം നാടിന് ഒരു പൊൻതൂവൽ ചാർത്തിക്കൊടുക്കാൻ വേണ്ടുന്ന എല്ലാ കാര്യങ്ങളും വിദ്യാലയത്തിന്റെ ചുറ്റമതിലിനുള്ളിൽ മുന്തിരിവള്ളികൾ പോലെ പടർന്ന് കിടക്കുകയാണ്.പുരോഗതിയിൽ ഒട്ടും പിന്നിൽ നിർത്താൻ കഴിയാത്ത മുട്ടറ സ്കൂൾ ഇതിനോടകം മികച്ച പി.ടി.എയ്ക്കുള്ള അവാർഡ് ,മികച്ച ഔഷധസസ്യത്തോട്ട നിർ മ്മാണം , 100% എസ്എസ്എൽസി ,എച്ച്എസ്എസ് ,വിഎച്ച്എസി പരീക്ഷ വിജയം ,കാർഷിക പുരോഗതി ഹൈടെക് ക്ലാസ് മുറികൾ കംബ്യൂട്ടർ ലാബ്, സയൻസ് ലാബ്, മികച്ച പ്രിന്റിങ് സെക്ഷൻ തുടങ്ങിയവ നേടിക്കഴിഞ്ഞിരിക്കുന്നു.ഇതിനോടൊപ്പം എൻഎസ്എസ് ,ജെആർസി,സ്കൗട്ട്,ഗയിഡ്,ലിറ്റിൽ കൈറ്റ്സ്,അസാപ് തുടങ്ങിയ സംഘടനകളും വിദ്യാർഥികൾക്കുവേണ്ടി പ്രയോജനകരമാകുന്നു.ഒരോ പഠനവിജയത്തിനും വ്യക്തിബോധത്തിനും പ്രയോജനകരമെന്ന രീതിയിൽ ഹെൽത്ത് ക്ലബ്ബ് , സൗഹൃദ ക്ലബ്ബ്, സോഷ്യൽ ക്ലബ്ബ് , സയൻസ് ക്ലബ്ബ് ,ഇംഗ്ലീഷ് ക്ലബ്ബ് , ആയുഷ് ക്ലബ്ബ് തുടങ്ങിയ നല്ല നല്ല ക്ലബ്ബുകളും സ്കൂളിൽ പ്രവർത്തിക്കുന്നു. കുട്ടികളുടെ ആരോഗ്യത്തിന്റെ കാര്യത്തിലും സ്കൂൾ മുൻകൈ എടുക്കാറുണ്ട്. നേത്ര പരിശോധന ,രക്ത പരിശോധന , വിവിധതരം ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയും നടത്തി വരുന്നു. കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനും സ്കൂൾ അധികൃതർ ശ്രദ്ധാലുക്കളാണ്. മികച്ച ഭക്ഷണം കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കും എന്നതിന് ഉദാഹരണം

തന്നെയാണ്. ഓരോ വർഷവും ഉയർന്നു വരുന്ന മികവിന്റെ അടിത്തറ വിദ്യാർഥികളും അധ്യാപകരും അനധ്യാപകരും തമ്മിലുള്ള ഒത്തോരുമ തന്നെയാണ് . കലോത്സവങ്ങൾക്കും ശാസ്ത്രമേളകൾക്കും ഒട്ടും പിന്നിലല്ല മുട്ടറ സ്കൂളിലെ വിദ്യാർഥികൾ. സ്കൂൾ ബസ് ,ആഡിറ്റോറിയം ,ചുറ്റമതിൽ,സ്കൂൾ കവാടം,ക്യാമറ,കുട്ടികളുടെ പാർക്ക്,പുതിയ കെട്ടിടങ്ങൾ ,അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ സ്കൂളിന്റെ പുരോഗതിയിൽ നിന്ന് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്.

വിദ്യാലയം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ശുഭോർ ക്കമായ സാഹചര്യമാണ് ഇപ്പോഴുള്ളത്. നിലവിലുള്ള അക്കാദമിക്ക് രീതികളെ സ്വീകരിക്കുന്നതിനൊപ്പം ഇനിയും മെച്ചപ്പെട്ട സാഹചര്യങ്ങളും സൗകര്യങ്ങളും ഒരുക്കുന്നതിലുള്ള പ്രത്യേക ശ്രദ്ധയും കരുതലും നമുക്കാവശ്യമാണ്.മികച്ച ആശയ പ്രകടനത്തിനും മത്സര പരീക്ഷകളിൽ വിജയിച്ച് മുന്നേറുന്നതിനും പര്യാപ്തമായ വിദഗ്ധ പരിശീലനം ലഭ്യമാക്കേണ്ടതുണ്ട്. അതിന് വേണ്ടി ഇനിയും ധാരാളം കാര്യങ്ങൾ സ്കൂളിന് ചെയ്യാൻ കഴിയും. ജീവിതത്തിന്റെ വിജയങ്ങളിലേക്ക് വിദ്യാർഥികളെ കൈപിടിച്ച് ഉയർത്തുവാൻ ഇനിയും ഞങ്ങളുടെ വിദ്യാലയത്തിന് സാധിക്കട്ടെ.......

പി എസ് അതുല്യ, ഇന്ദ്രജിത്ത് എ വി, വൈഷ്ണവ് എസ്

# ഞാൻ കണ്ട മഴ......

സ്കൂൾ തുറന്നു. മഴയുടെ ആരംഭം.അതിരാവിലെ എഴുന്നെറ്റു .നല്ല മഴയാണ്.മൂടിപ്പുതച്ചുറങ്ങാൻ പറ്റിയ സമയം . എങ്കിലും പുത്തനുടുപ്പിട്ട് സ്കൂളിലേക്ക് പോകുന്നത് ആലോചിച്ചപ്പോൾ ചാടി എഴുന്നേറ്റു. അമ്മ അതിരാവിലെ തന്നെ അടുക്കളയിൽ കയറിയിരുന്നു .പുത്തനുടുപ്പിട്ട് ഞാൻ സ്കൂളിലേക്ക്  യാത്രയായി.മഴ തകർത്ത് പെയ്യുകയാണ് . പുത്തനുടുപ്പ് ചീത്ത ആകുമെന്ന കാര്യത്തിൽ സംശയമില്ല .വയലുകളും തോടുകളും എല്ലാം നിറഞ്ഞൊഴുന്നു. കണ്ടപ്പോൾ കളിക്കാൻ തോന്നി . ഞാൻ അറിയാതെ മഴ ആസ്വദിച്ച് നിന്നു . മഴയേക്കാൾ മറ്റെന്തിനാണ് സൗന്ദര്യം .ആകെ നനഞ്ഞു .ഇപ്പോൾ മഴയുടെ താളം കുറച്ചു കുറഞ്ഞു .സ്കൂളിലെത്തി . കുറേ കൂട്ടുകാരെ ഞാൻ കണ്ടു . കൂട്ടുകാരുമായി ഞാൻ ക്ലാസ് റൂമിലോട്ട് പ്രവേശിച്ചു . എന്തെന്നില്ലാത്ത സന്തോഷമായിരുന്നു സ്കൂളിൽ നിന്ന് ഇറങ്ങുമ്പോഴും . മഴ അപ്പോളും

തുടരുന്നുണ്ടായിരുന്നു .ശരീരത്തിലെ തണുപ്പകറ്റാൻ ചൂട് ചായയുടെ സ്വാദ് എന്നെ സഹായിച്ചു . മഴയുടെ തണുപ്പെന്നെ ഉറക്കത്തിലേക്ക് നയിച്ചു . സ്വപ്നത്തിലും മഴയുടെ താളം കേൾക്കാമായിരുന്നു.....

അതുല്യ & നീരജ

## ലിറ്റിൽ കൈറ്റ്സ് :എന്റെ അനുഭവം

എന്റെ പുതിയ അനുഭവമാണ് ലിറ്റിൽ കൈറ്റ്സ്. ഒരു ലക്ഷത്തിലധികം വിദ്യാർത്ഥി അംഗങ്ങൾ ഉൾക്കൊള്ളുന്ന കൈറ്റിന്റെ സവിശേഷമായ ഒരു സംരംഭമാണ് 'ലിറ്റിൽ കൈറ്റ്സ് 'ഐടി ക്ലബ്ബുകൾ.

അതിൽ ഭാഗമാകാൻ കഴിഞ്ഞതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്.രാജ്യത്തെ ഏറ്റവും വലിയ സ്റ്റുഡന്റ് ഐടി നെറ്റ്‌വർക്കാണ് ലിറ്റിൽ കൈറ്റ്സ്.ലിറ്റിൽ കൈറ്റ്സിൽ ചേ ർന്നതോടെ എനിക്ക് ഒരുപാട് കാര്യങ്ങൾ പഠിക്കാൻ സാധിച്ചു. ആനിമേഷൻ ചെയ്യാനും,മലയാളം ടൈപ്പിംഗ് വേഗത്തിൽ ചെയ്യാനുമൊക്കെ ഞാൻ പഠിച്ചത് കൈറ്റിന്റെ

ക്ലാസ്സുകളിലൂടെയാണ്. കൈറ്റിൽ വന്നതോടെ എനിക്ക് കുറെ അനുഭവങ്ങൾ ഉണ്ടായി.ഈ ഓണക്കാലത്ത് ഡിജിറ്റൽ അത്തപൂക്കളമിട്ടത് വളരെ നല്ലൊരു അനുഭവമായിരുന്നു. കൈറ്റിന്റെ ഓരോ ക്ലാസ്സുകളും എനിക്ക് വളരെയധികം ഇഷ്ടമാണ്. ഭാവിയിൽ കൈറ്റിന്റെ പ്രവർത്തനങ്ങളും ക്ലാസ്സുകളും ഒരുപാട് പ്രയോജനപ്പെടുമെന്ന് എനിക്ക് മനസ്സിലായി. കൈറ്റിന്റെ ക്ലാസ്സുകൾ എനിക്ക് വേറിട്ടൊരു അനുഭവമാണ്.

**ദൃശ്യ സന്തോഷ്**

# അമ്മ

അമ്മയെന്ന രണ്ടക്ഷരം

എൻ മനസ്സിൽ തേൻമഴയായ്

പെയ്തീടവേ

ആ സ്നേഹ ജലാശയത്തിൽ

ഞാനൊരു പൈതലായ് നീന്തീടവേ

ഞാനതിൽ നീന്തിതുടിക്കവേ

അമ്മതൻ പിൻവിളി കേൾക്കാതെ

മറുതീരം കാണുവാൻ

ദൂരേയ്ക്ക് ദൂരേയ്ക്ക് പോയിടവേ.

പുതിയ ലോകവും കാഴ്ചകളും

എൻ മനകാമ്പിൽ തെളിയവേ,

ഞാനാ ചുഴിയിലകപ്പെട്ടു.

ഒട്ടുനേരമാ കൈകാലിട്ടടിക്കവേ

അമ്മതൻ പ്രാർത്ഥനയിലാകയാം

ആ നിമിഷത്തിലെൻ

അമ്മതൻ പിൻവിളി

എൻ കർണ്ണപുടങ്ങളിൽ പതിക്കവേ,

അമ്മതൻ ചാരത്തണയുവാൻ

അമ്മതൻ മടിയിലിരിക്കുവാൻ

ആ സ്നേഹ കടലിലലിയുവാൻ

ഞാൻ അമ്മതൻ ചാരത്ത് തിരികയെത്തി

അമ്മതൻ സ്നേഹം വീണ്ടുമെൻ

മനസ്സിൽ തേന്മഴയായ് പെയ്തിറങ്ങി.

**ദൃശ്യ സന്തോഷ്**

## മഹത് വചനങ്ങൾ

* "അഭിമുഖീകരിക്കുവാൻ ഭയപ്പെടുന്ന ഓരോ അനുഭവങ്ങളിൽനിന്നുമാണ് നാം ശക്തിയും ധൈര്യവും ആത്മവിശ്വാസവും ആർജ്ജിക്കുക. ചെയ്യാൻ കഴിയില്ലായെന്നുതോന്നുന്നത് തീർച്ചയായും ചെയ്തിരിക്കണം.''

-എലനോർ റൂസ് വെൽറ്റ്

"ജിവിതത്തിൽ വിജയയിക്കുകയും നേട്ടങ്ങൾ ഉണ്ടാവുകയും വേണമെങ്കിൽ ആഗ്രഹം,വിശ്വാസം,പ്രതീക്ഷ എന്നീ മൂന്നു പ്രതാപശാലികളായ ശക്തികളെ നിങ്ങൾ തിരിച്ചറിയുക,അവയ്ക്ക് അധിപന്മാരാവുക.''

-എ.പി.ജെ.അബ്ദുൾ കലാം

കിരൺ യു കെ

# എന്റെ ബാല്യകാലം

പാരിജാതത്തിന്റെ താഴെയിരുന്നുകൊണ്ടന്നു ഞാൻ
ബാല്യത്തെ ഓർത്തു
അന്നു ഞാൻ ബാല്യത്തെ ഓർത്തു
അന്നു ഞാൻ കണ്ട കിനാക്കളിലെല്ലാം
എൻ അച്ഛനും അമ്മയും പുൽകി
പാടവും കുന്നും പറക്കും കിളികളും
ഇന്ന് എവിടേക്കു പോയി ?
തേൻ പഴം മാമ്പഴം അത്തിപ്പഴങ്ങളുമെല്ലാം
എവിടേക്കു പോയി ?
അന്നു ഞാൻ പാടിയ പാട്ടിന്റെ ഈണങ്ങൾ
എങ്ങോ മറഞ്ഞങ്ങു പോയി
ജീവിതത്തിൻ നീണ്ട ലക്ഷ്യങ്ങൾ
തേടി ഞാൻ എങ്ങോ പറന്നു തളർന്നു പോയി
എങ്ങോ പറന്നു തളർന്നു പോയി.

മീര എസ് പിള്ള

# മൈനകൾ

പട്ടണങ്ങളിലും ഗ്രാമങ്ങളിലും കൃഷിസ്ഥലങ്ങളിലും ധാരാളമായി കാണപ്പെടുന്ന പക്ഷിയാണ് മൈന. പതിവായി മരത്തിൽ കയറി ഇരിക്കുമെങ്കിലും ആഹാരം സമ്പാദിക്കുന്നത് നിലത്തു നടന്നാണ്.

ഒരേ സ്ഥലത്തുതന്നെ ഇരുപതും മുപ്പതും മൈനകളെ കാണാമെങ്കിലും ഈ ചെറുകൂട്ടങ്ങൾ കുറെ ഇണകളോ കുടുംബങ്ങളോ ചേർന്നുണ്ടാവുന്നതാണ്. നല്ല ചുറുചുറുക്കും ധൈര്യവുമുള്ള പക്ഷിയാണ് മൈന. മറ്റേതു പക്ഷിയോടും നിർഭയം

പൊരുതാനും കീരി , പാമ്പ് , കുമൻ എന്നീ ശത്രുക്കളെ ഉപദ്രവിച്ച് ഓടിക്കുവാനും  മൈനകൾ എപ്പോഴും തയ്യാറാണ്.മൈനകൾ കൃഷിക്കാരുടെ സഹായികളാണ്.

നെല്ല് വിളഞ്ഞു നിൽക്കുന്ന കാലത്ത് വിളക്കു വളരെ ദോഷകരമായ കീടങ്ങളെ കഴിക്കുന്നു.

ഈ മൈനകൾ കൃഷിക്കും കാടിനും ധാരാളം ഗുണ ചെയ്യുന്നുണ്ട്.

നന്ദന ടി എസ് , അനിഷ ടി ,  ശ്രുതി

# അവഗണിക്കപ്പെടുന്ന മാതൃത്വം

അമ്മ എന്ന രണ്ടക്ഷരം എത്രയോ മഹത്വമുള്ളതാണ്. ഒരു വ്യക്തിയുടെ ജീവിതത്തിന് അടിത്തറപാകുന്നത് തീർച്ചയായും അയാളുടെ അമ്മ തന്നെയായിരിക്കും.നമ്മുടെ ജനനശേഷം നാം ആദ്യമായി ഉച്ചരിക്കുന്നത്

അമ്മ എന്ന രണ്ടക്ഷരം തന്നെയാണ്.അമ്മയുടെ സ്നേഹത്തേക്കാൾ വിലമതിക്കാനാകുന്ന യാതൊന്നും ഈ ഭൂമിയിലിലല്ല.ഏത് പ്രതിസന്ധിയിലും അമ്മ നമ്മെ നെഞ്ചോട്

ചേർത്ത് നിർത്തും.അമ്മ അരികിലുണ്ടെങ്കിൽ ഈ ലോകത്ത് യാതൊന്നിനേയും ഭയക്കേണ്ടിവരുകയില്ല.മനുഷ്യവർഗ്ഗം ഇന്നുവരെ ഉച്ചരിച്ചതിൽ ഏറ്റവും മനോഹരമായ വാക്ക് അമ്മ എന്നതാണ് അമ്മയെ  മറന്നുള്ള യാത്രകൾ ഒരിക്കലും ലക്ഷ്യത്തിൽ എത്തുകയില്ല എന്ന സത്യം നാം മനസ്സിലാക്കണം.

പക്ഷേ ഇന്ന് നാം നമ്മുടെ

സമൂഹത്തിൽ കാണുന്നത് എന്താണ്.
അവഗണിക്കപ്പെടുന്ന മാതൃത്വങ്ങൾ നമ്മുടെ
ചുറ്റുമുണ്ട്.വർദ്ധിച്ചുവരുന്ന വൃദ്ധസദനങ്ങൾ
തന്നെയാണ് ഇതിനുദാഹരണം.ജീവിതത്തിലുടനീളം
നമ്മെ സംരക്ഷിച്ച് അമ്മയെ നാം വൃദ്ധസദനങ്ങളിൽ
തള്ളുന്നു. നാം അവർക്ക്
താങ്ങും തണലുമാകേണ്ട സമയത്ത് അവരെ
ഉപേക്ഷിച്ച് പണത്തിന് പിന്നാലെ പായുന്നു.
മാതൃത്വത്തിന്റെ മഹത്വം മനസ്സിലാക്കാൻ
കഴിയാത്ത ഒരു സമൂഹത്തെ നമുക്ക് ഇന്ന്
കാണാം. മാതൃത്വത്തെ നാം പൂജിക്കണം.
ഒരമ്മയുടെ കണ്ണിൽ നിന്നുപോലും കണ്ണുനീർ
പൊഴിയാൻ നാം അനുവദിക്കരുത് അവരുടെ
സംരക്ഷണം നമ്മുടെ കർതവ്യമാണ്. വാർദ്ധക്യത്തെ
അവഗണിക്കുമ്പോൾ അടുത്തതലമുറയ്ക്ക് കൈമാറേണ്ട
മൂല്യങ്ങളാണ്
നാം നഷ്ടപ്പെടുത്തുന്നതെന്ന് ഓർക്കണം.

നന്ദന എസ് ഡി

# മഴ എത്തുമ്പോൾ

മഴ മാനത്തെത്തുമ്പോൾ

സൂര്യൻ ഓടിയൊളിക്കുമ്പോൾ

മയിലുകൾ നൃത്തം വയ്ക്കുമ്പോൾ

മഴവില്ല് പൂങ്കൊടിയെത്തുമ്പോൾ

പൂക്കൾ ആടി ഉലയുന്നു

കുട്ടികൾ പാടി രസിക്കുന്നു

പറവകൾ ദിക്കുകൾ തേടുന്നു

വരുവിൻ വരുവിൻ കുട്ടികളെ.

ആടാം പാടാം കളിച്ചീടാം.

റിഹാൻ

# ലിറ്റിൽ കൈറ്റ് അംഗങ്ങൾ

